LIBRARY ARCHIVES Kerala Legislative Assembly

സമ്പൂർണ്ണ ബഡ്ജറ്റ്

128 (1714) ശ്രീ. എം. ഉമ്മർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 സാമ്പത്തിക വർഷത്തേയ്ക്കുള്ള സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിച്ച് ഏപ്രിൽ 1-ന് മുമ്പ് പാസ്സാക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പ്രസ്താവിച്ചിട്ടുണ്ടോ ; എങ്കിൽ അങ്ങനെ പ്രസ്താവിക്കാനിടയായ സാഹചര്യം വിശദീകരിക്കുമോ ;

(ബി) കഴിഞ്ഞ 5 വർഷത്തിനിടയിൽ മാർച്ച് മാസം അവസാനിക്കും മുമ്പ് അടുത്ത വർഷത്തേയ്ക്കുള്ള എത്ര സമ്പൂർണ്ണ ബഡ്ജറ്റുകൾ അവതരിപ്പിച്ച് പാസ്സാക്കിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

കേന്ദ്ര സർക്കാർ നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ

129 (1715) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാന സർക്കാർ മുഖേനയല്ലാതെ നേരിട്ട് ബന്ധപ്പെട്ട ഏജൻസികൾ മുഖേന നടപ്പിലാക്കുന്നുണ്ട് എന്ന് അറിയാമോ ;

(ബി) 2009-10-ൽ ഇതിലേക്കായി എത്ര തുക കേന്ദ്രം അനുവദിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)

(1) ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ.)

(2) സുവർണ്ണ ജയന്തി-ഗ്രാമസ്വരോസ്ഗാർ പദ്ധതി (എസ്.ജി.വൈ.)

(3) സുവർണ്ണ ജയന്തി-ഗ്രാമസ്വരോസ്ഗാർ പദ്ധതി (പ്രത്യേക പദ്ധതി)

(4) ദേശീയ ഗ്രമീണ തൊഴിലുറപ്പ് പദ്ധതി

(5) സമഗ്ര തരിശുഭൂമി തൊഴിലുറപ്പ് പദ്ധതി

(6) പ്രധാൻമന്ത്രി ഗ്രാമ സഡക് യോജന

(7) ജില്ലാ ഗ്രാമവികസന ഏജൻസികളുടെ ഭരണച്ചെലവ്

(8) ദേശീയ ഗ്രാമീണ ആരോഗ്യപദ്ധതി

(9) ദേശീയ ഉച്ചഭക്ഷണ പരിപാടി

(10) സർവ്വശിക്ഷാ അഭിയാൻ

(11) ദേശീയവനവൽക്കരണ പരിപാടി

(12) ദേശീയ ഔഷധ സസ്യബോർഡിന്റെ ഔഷധ സസ്യങ്ങളുടെ മൂല്യവർദ്ധന നടത്തി വിപണനത്തിനുള്ള പദ്ധതി.

(13) ദേശീയ ബാംബുമിഷൻ പദ്ധതി തുടങ്ങിയ പദ്ധതികൾക്ക് സംസ്ഥാന സർക്കാർ മുഖേനയല്ലാതെ കേന്ദ്രസഹായം ബന്ധപ്പെട്ട ഏജൻസികൾക്ക് നേരിട്ട് ലഭ്യമാകുന്നുണ്ട്.

(ബി) കേന്ദ്രസർക്കാർ 2009-2010-ൽ മേൽസൂചിപ്പിച്ച പദ്ധതികൾക്കായി 1150.21 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

പൊതുകടം കുറയ്ക്കാൻ നടപടി

130 (1717) ശ്രീ. സി. ടി അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2010 ഡിസംബർ 1 വരെ സംസ്ഥാനത്തിന്റെ പൊതുകടം എത്രയാണെന്നു വ്യക്തമാക്കുമോ ;

(ബി) ഇതിന് പ്രതിവർഷം പലിശ ഇനത്തിൽ എന്ത് തുക നൽകി വരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) പൊതുകടം കുറച്ചു കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ താത്ക്കാലിക കണക്കുകൾ പ്രകാരം 2010-2011 ഒക്ടോബർ 31 വരെയുള്ള സംസ്ഥാനത്തിന്റെ കടബാദ്ധ്യത 71748.50 കോടി രൂപയാണ്. 2010 നവംബർ മാസത്തിലെ കണക്കുകൾ ലഭ്യമായിട്ടില്ല.

(ബി) 2006-2007 സാമ്പത്തിക വർഷം മുതൽ 2010 ഒക്ടോബർ 31 വരെ പലിശയിനത്തിൽ ഓരോ വർഷവും നല്കിയ തുക ചുവടെ ചേർക്കുന്നു.

(രൂപ കോടിയിൽ)

2006-2007	4189.70
2007-2008	4329.65
2008-2009	4659.69
2009-2010	5292.48
2010-2011 ഒക്ടോബർ വരെ താല്ക്കാലിക കണക്കുകൾ	2475.62
ആകെ	20947.14

LIBRARY ARCHIVES Kerala Legislative Assembly